LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അനുമതി ആവശ്യമായ മരാമത്തുപണികൾ

*15 [437] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മരാമത്തുപണികളിൽ ടെണ്ടർ എക്സസ് എത്ര ശതമാനത്തിലധികം ആയാലാണ് സർക്കാർ അനുമതി ആവശ്യമായിവരുന്നത്;

(ബി) ഇങ്ങനെ സർക്കാർ അനുമതി ആവശ്യമായിവരുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ പല പണികളും പൂർത്തിയാകാതെ തടസ്സപ്പെട്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

മരാമത്തു വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ):*

(എ) ഒരു കോടി രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന ജോലികൾക്ക് 10%-ൽ അധികമായാലും 15 ലക്ഷം മുതൽ 1 കോടി രൂപ വരെ 15%-ൽ അധികമായാലും 15 ലക്ഷം രൂപ വരെയുള്ള ജോലികൾക്ക് 20%-ൽ അധികമായാലും ടെണ്ടർ എക്സസിന് സർക്കാർ അനുമതി ആവശ്യമാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യാജ ജാതി സർട്ടിഫിക്കറ്റുപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് തടയാൻ നടപടി

1 [2981] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതു തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ എത്ര കേസുകളിലാണ് ഇതുവരെ തീർപ്പുകൽപ്പിച്ചതെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേരെ ജോലിയിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

GPM. 2/608/2012—7

(സി) വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുത്തവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈക്കോടതി സ്റ്റേമൂലം എത്ര കേസുകളിൽ തീരുമാനം മാറ്റിവയ്ക്കുകയുണ്ടായെന്നും ഈ സ്റ്റേ നീക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതു തടയുവാൻവേണ്ടി 1996-ലെ കേരള (പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് 11 നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ റൂൾസും 20-4-2002-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി) 18/2002/പജപവവിവ അനുസരിച്ച് ഗസറ്റ് വിജ്ഞാപനംചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആക്ട്പ്രകാരം ഒരു സ്ക്രീനിംഗ് കമ്മിറ്റിയും ഒരു സ്ക്രൂട്ടിനി കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. നരവംശ ശാസ്ത്രപരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട്ടുള്ള 'കിർട്ടാഡ്സിൽ' ഒരു വിജിലൻസ് സെല്ലും രൂപീകരിച്ചിട്ടുണ്ട്.

(ബി) 309 കേസുകൾ. 25-നു താഴെ പേരെയാണ് സർവീസിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളത്.

(സി) ബന്ധപ്പെട്ട കക്ഷികൾ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിക്കുന്നതുമൂലം തുടർനടപടികളെടുക്കാൻ സാധിക്കാതെവരുന്നു.

(ഡി) 400-ഓളം കേസുകളിൽ സ്റ്റേ നിലവിലുണ്ട്. ഈ കേസുകൾ വാദിക്കാൻ വേണ്ടി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ രണ്ടു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരെ സർക്കാർ നിയമിച്ചിട്ടുണ്ട്. കേസുകളിൽ സ്റ്റേ നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം

2 [2982] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് വിദ്യാഭ്യാസപരമായ എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly